"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തിരുവനന്തപുരം നഗരസഭയിലെ പ്രീ പെയ്ഡ് കൗണ്ടറിലെ ഓട്ടോ റിക്ഷാ തൊഴിലാളികൾക്ക് ഓണക്കിറ്റ് വിതരണം ചെയ്യുന്നതിനുള്ള അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സ.ഉ.(സാധാ) നം.1584/2020/ത.സ്വ.ഭ.വ** തീയതി, തിരുവനന്തപുരം, 26/08/2020

---

**തദ്ദേശ സ്വയം ഭരണ (എഫ് എം ) വകുപ്പ്**

പരാമർശം:- 1 തിരുവനന്തപുരം നഗരസഭ മേയർ സമർപ്പിച്ചിരിക്കുന്ന 24.08.2020 ലെ അപേക്ഷ

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ പ്രീ പെയ്ഡ് കൗണ്ടറിലെ ഓട്ടോ റിക്ഷാ തൊഴിലാളികൾക്ക് കാലങ്ങളായി നഗരസഭയുടെ ആഭിമുഖ്യത്തിൽ ഓണക്കിറ്റ് വിതരണം ചെയ്തിരുന്നത് തിരുവനന്തപുരം സിറ്റി ട്രാഫിക്. ഇമ്പ്രൂവ്മെന്റ് ആൻഡ് പാസഞ്ചേഴ്സ് വെൽഫെയർ സൊസൈറ്റി അക്കൗണ്ടിൽ നിന്നുള്ള തുക വിനിയോഗിച്ചായിരുന്നു .എന്നാൽ ഇത്തവണ കോവിഡ് -19 നിയന്ത്രണങ്ങൾ മൂലം പ്രീ പെയ്ഡ് കൗണ്ടറിലെ വരുമാനം കുറവായതിനാൽ നഗരത്തിലാകമാനമുള്ള പ്രീ പെയ്ഡ് കൗണ്ടറിലെ 2220 ഓട്ടോ റിക്ഷാ തൊഴിലാളികൾക്ക് ആയിരം രൂപ വീതമുള്ള ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 2220000 / -രൂപ തനതുഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനും, തിരുവനന്തപുരം സിറ്റി ട്രാഫിക് ഇമ്പ്രൂവ്മെന്റ് ആൻഡ് പാസഞ്ചേഴ്സ് വെൽഫെയർ സൊസൈറ്റി അക്കൗണ്ടിൽ തുക ലഭ്യമാകുന്ന മുറയ്ക്ക് റീഫണ്ട് ചെയ്യുന്നതിനുള്ള അനുമതി നൽകണമെന്നുമാണ് തിരുവനന്തപുരം നഗരസഭ മേയർ ആവശ്യപ്പെട്ടിരിക്കുന്നത് .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം നഗരസഭയിലെ പ്രീ പെയ്ഡ് കൗണ്ടറിലെ 2220 ഓട്ടോ റിക്ഷാ തൊഴിലാളികൾക്ക് ആയിരം രൂപ വീതമുള്ള ഓണക്കിറ്റ് വിതരണം ചെയ്യുന്നതിന് 2220000/ -രൂപ തനതുഫണ്ടിൽനിന്നും ലഭ്യമാക്കുന്നതിനു താഴെ പറയുന്ന വ്യവസ്ഥകളോടുകൂടി അനുമതി നൽകി ഉത്തരവാകുന്നു.

1. തിരുവനന്തപുരം സിറ്റി ട്രാഫിക് ഇമ്പ്രൂവ്മെന്റ് ആൻഡ് പാസഞ്ചേഴ്സ് വെൽഫെയർ സൊസൈറ്റി അക്കൗണ്ടിൽനിന്നും നടപ്പ് സാമ്പത്തിക വർഷം തന്നെ തുക റീ ക്ലപ്പ് ചെയ്യേണ്ടതാണ്.

2. സപ്ലൈകോ, കൺസ്യൂമർഫെഡ് തുടങ്ങിയ
സ്ഥാപനങ്ങൾ വഴി മാത്രമേ കിറ്റുകൾ വാങ്ങുവാൻ പാടുള്ളൂ.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

നഗരകാര്യ ഡയറക്ടർ ,തിരുവനന്തപുരം
മേയർ ,തിരുവനന്തപുരം നഗരസഭ
ഡയറക്ടർ, കേരളസ്റ്റേറ്റ്ഓഡിറ്റ് വകുപ്പ് ,തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ &എ ) കേരള തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ / ചെയർമാൻ ,ഇൻഫർമേഷൻ കേരള മിഷൻ ,തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ